മെട്രോ വാർത്ത

06 May 2017

# അന്ധവിശ്വാസങ്ങളോട് പടപൊരുതിയ രേഖയ്ക്കും കാർത്തികേയനും ആദരം

കൊച്ചി: രേഖയുടെ കൈയിൽ വലയെടുത്തു നൽകിയപ്പോൾ കാർത്തികേയൻ തിരുത്തിക്കുറിച്ചത് തീര ദേശമേഖലയിലെ അന്ധവിശ്വാസത്തെയും കൂടിയാണ്. സ്ത്രീകൾ കടലിൽ പോകുന്നതു നല്ലതല്ലെന്നാണു തീരത്തു പലരുടെയും വിശ്വാസം. എന്നാൽ വിവാഹം കഴിഞ്ഞതു മുതൽ ഭാര്യ രേഖയ്ക്കൊപ്പമാണ് കാർത്തികേയൻ കടലിൽ പോകുന്നത്.

പല ഭാഗത്തിനുണ്ടായ എതിർപ്പുകളെ ഒരു ചെറുപുഞ്ചിരിയോടെ മറികടന്നു കുടുംബം പോറ്റാൻ മത്സ്യബന്ധനം തെരഞ്ഞെടുത്തിട്ടു 16 വർഷങ്ങൾ പിന്നിടുന്നു ഈ ദമ്പതികൾ. വിവാഹത്തിന്റെ 19-ാം വാർഷികദിനത്തിൽ ഇന്ത്യയിലെ ആദ്യ മത്സ്യത്തൊഴിലാളി ദമ്പതികളെന്ന ബഹുമതിയും കേന്ദ്രമന്ത്രിയിൽ നിന്ന് ലഭിച്ച ഉപഹാരവും ഏറ്റവും സന്തോഷം പകരുന്നതാണെന്ന് ഇവർ ഒരേ സ്വരത്തിൽ പറയുന്നു. വിവാഹ വാർഷികദിനവും ജന്മദിനവുമായ മെയ് അഞ്ചിനു തന്നെ അംഗീകാരം ലഭിച്ചതിന്റെ സന്തോഷത്തിലാണ് രേഖ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ കേന്ദ്രത്തിൽ (സിഎംഎഫ്ആർഐ) മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും സംഗമത്തിലാണു തൃശൂർ കുണ്ടഴിയൂർ സ്വദേശികളായ കാർത്തികേയനെയും രേഖയെയും ആദരിച്ചത്.



*എറണാകുളത്തെ കേന്ദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിൽ നടന്ന ആദരിക്കൽ ചടങ്ങിൽ രാജ്യത്തെ ആദ്യ മത്സ്യത്തൊഴിലാളി ദമ്പതികളായ കെ.വി. കാർത്തികേയനും ഭാര്യ കെ.സി. രേഖയ്ക്കും കേന്ദ്രമന്ത്രി സുദർശൻ ഭഗത് മീൻകുഞ്ഞുങ്ങളെ സമ്മാനിക്കുന്നു.*

കടലിൽ മീൻ പായുന്ന സമയം കണക്കാക്കിയാണ് ബോട്ടുമായി ഇവർ കടലിലേക്ക് യാത്ര തിരിക്കുന്നത്. സഹായത്തിനു മൂന്നു കൂട്ടുകാർ വേറെ. വെളുപ്പിനു മൂന്നിനും വൈകിട്ടു സൂര്യാസ്തമയ സമയത്തുമാണ് പൊതുവെ കടലിൽ പോകാൻ പറ്റിയ സമയമെന്നു കാർത്തികേയൻ പറഞ്ഞു. പന്ത്രണ്ടാം ക്ലാസുകാരിയായ മൂത്തമകൾ മായയുടെ കൈയിൽ ഇളയ മൂന്നു കുട്ടികളെയും ഏൽപിച്ചാണു കടലിലേക്ക് പോകുന്നത്.

ഓരോ മീനിനും പ്രത്യേകം വലകളുണ്ട്. ഇതെല്ലാം വള്ളത്തിൽ എടുത്തിട്ടാണ് യാത്ര. കല്യാണത്തിനു മുൻപു കടൽ കണ്ട പരിചയം മാത്രമുള്ള രേഖ ഭർത്താവിന്റെ വിശ്വാസത്തിലാണു കടലിലേക്ക് ഇറങ്ങാൻ തയാറായത്. ആദ്യനാളുകളിൽ ഉൾക്കടലിൽ എത്തുമ്പോൾ ചോര ഛർദിക്കുമായിരുന്നു. പിന്നീടു കടൽ ജീവിതത്തിന്റെ ഭാഗമാണെന്നുള്ള തിരിച്ചറിവിൽ വല വീശി പൊരുതിനേടി.

കടലിനോട് പേടി മാറിയെങ്കിലും ഒറ്റയ്ക്ക് കടലിലേക്ക് പോകാൻ ചെറിയൊരു പേടിയുണ്ടെന്ന് രേഖ പറഞ്ഞു. നാലു പെൺകുട്ടികളാണ്. അവരെ പഠിപ്പിച്ചു നല്ല നിലയിലെത്തിക്കണം. കടൽ വെള്ളം കയറുന്ന തീരത്തിലുള്ള വീടാണ്. അത് ചെറുതായി പുതുക്കി നിർമ്മിക്കണം. ഈ ആഗ്രഹം മാത്രമാണ് ജീവിതത്തിലുള്ളതെന്ന് അവർ പറഞ്ഞു.

കാർത്തികേയനെയും രേഖയെയും മന്ത്രി സുദർശൻ ഭഗത് പൊന്നാടയും പുരസ്കാരവും നൽകി ആദരിച്ചു. കടലിൽ കൂടു മത്സ്യക്കൃഷി നടത്താൻ കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങളെയും മന്ത്രി ദമ്പതികൾക്കു സമ്മാനിച്ചു. ചടങ്ങിൽ ഡോ. ജി. മഹേശ്വരുഡു, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാൽകൃഷ്ണ എന്നിവർ പങ്കെടുത്തു.

## ജിഐഎസ് വിദ്യ വേണം: കേന്ദ്രമന്ത്രി

കൊച്ചി: മത്സ്യബന്ധനത്തിന്റെ ചെലവ് ഗണ്യമായി കുറയ്ക്കുന്ന ജ്യോഗ്രഫിക് ഇൻഫോർമേഷൻ സിസ്റ്റം (ജിഐഎസ്) സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര കൃഷി സഹ മന്ത്രി സുദർശൻ ഭഗത്. സിഎംഎഫ്ആർഐയിൽ നടന്ന മത്സ്യത്തൊഴിലാളി- മത്സ്യകർഷക സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മത്സ്യങ്ങൾ ധാരാളമുള്ള സ്ഥലങ്ങൾ കണ്ടെത്തി തൊഴിലാളികൾക്ക് കൈമാറാൻ സാങ്കേതിക വിദ്യ ഉപകാരപ്രദമാണ്. കാലാവസ്ഥാ വ്യതിയാനം മത്സ്യമേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇക്കാര്യം പഠനവിധേയമാക്കി ആവശ്യമായ ബദൽമാർഗങ്ങൾ സ്വീകരിക്കാൻ ശാസ്ത്ര സമൂഹം രംഗത്തുവരണം.

മത്സ്യമേഖലയുടെ പുരോഗതിക്കു കേന്ദ്രം ഊന്നൽ നൽകും. വൈകാതെ തന്നെ ഇതിന്റെ ഗുണഫലം മത്സ്യത്തൊഴിലാളികൾക്ക് അനുഭവിക്കാനാകും. വരും വർഷങ്ങളിൽ മത്സ്യ ഉത്പാദനത്തിലും വിപണിയിലും ഇന്ത്യ ഒന്നാം സ്ഥാനത്ത് എത്തുമെന്നും മന്ത്രി.